ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

മേലെഴുത്ത് നം.**EA2/5671/2024/DTE** **06-10-2025**

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപങ്ങളിൽ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ **K3/203/2024-HEDN** നമ്പർ സർക്കാർ സർക്കുലർ തീയതി:**26.09.2025** തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**JAYAPRAKASH P**
**DIRECTOR**

പകർപ്പ്
വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും.

Signed by
Jayaprakash P
Date: 06-10-2025 23:16:16

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം : K3/203/2024-HEDN

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 26-09-2025

## സർക്കുലർ

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. G.O.(Rt)No.3326/2017/LSGD തീയതി 17-10-2017.

2. G.O.(Rt)No.2112/2019/LSGD തീയതി 27-09-2019.

3. G.O.(Rt)No.2300/2019/LSGD തീയതി 19-10-2019.

4. G.O.(Rt)No.479/2019/LSGD തീയതി 17-02-2021.

5. G.O.(Rt)No.1673/2021/LSGD തീയതി 06-09-2021.

സംസ്ഥാനത്തെ, സർക്കാർ/സർക്കാർ അനുബന്ധ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം/മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഓരോ സ്ഥാപനത്തിലും കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം മേൽ സൂചന ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ മാലിന്യ ശേഖരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ (CKCL) - നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ, ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിലെ മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ശേഖരിക്കേണ്ടതായ മെറ്റീരിയലുകൾ സ്ഥാപനത്തിലെ ഒരു സിംഗിൾ പോയിന്റിൽ എത്തിച്ച് നൽകേണ്ടതാണ്. അങ്ങനെ എത്തിക്കുമ്പോൾ CKCL വിലനൽകി ശേഖരിക്കേണ്ടതായ വസ്തുക്കൾ വെവ്വേറെ കൂട്ടി വയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഉദാഹരണത്തിന് വില കിട്ടുന്ന ഇ-മാലിന്യങ്ങൾ (ലാപ് ടോപ്പ്, യു.പി.എസ്, ഫാൻ, റെഫ്രിജറേറ്റർ, എ.സി, ടെലിവിഷൻ, മുതലായവ) വേറ്വെറെയും അപകടകരമായ ഇ-മാലിന്യങ്ങൾ (കാറ്റ്ട്രിജ്, ബൾബ്, ട്യൂബ്

മുതലായവ) വേവ്വെറെയും തരം തിരിച്ച് കൂട്ടിവെക്കേണ്ടതാണ്.

- കുപ്പി, ടെസ്റ്റ് ട്യൂബ്, വിവിധതരം പൊട്ടിയ ചില്ലുകൾ എന്നിവ വെവ്വേറെ കൂട്ടി വെക്കണം.

- ഇലക്ട്രോണിക് മാലിന്യം (E-Waste), ആപത്കരമല്ലാത്ത ഇ-മാലിന്യങ്ങൾ എന്നിവ സ്ഥാപനങ്ങളിൽ നിന്നും ഒരു കിലോയ്ക്ക് 10/- രൂപ എന്ന നിരക്കിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് നേരിട്ട് ശേഖരിച്ച് മാലിന്യങ്ങൾ അംഗീകൃത റീസൈക്ലർക്ക് കൈമാറും. ആപത്കരമായ ഇ-മാലിന്യം (Hazardous E-Waste) കൈമാറുമ്പോൾ സ്ഥാപനങ്ങൾ കിലോയ്ക്ക് 55 രൂപ + GST നിരക്കിൽ ക്ലീൻ കേരള കമ്പനിയ്ക്ക് അടക്കേണ്ടതാണ്. അങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്ഥാനത്തെ അംഗീകൃത hazardous മാലിന്യ സംസ്കരണത്തിനു Kerala Enviro Infrastructure Ltd. (KEIL)-ലേക്ക് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് കൈമാറുന്നതാണ്.

- നിഷ്ക്രിയ മാലിന്യം, സിമൻ്റ് ഫാക്ടറിക്ക് നൽകേണ്ടവ എന്നിവ വേവ്വേറെ സൂക്ഷിക്കേണ്ടതാണ്. അവ ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് കിലോയ്ക്ക് 10 രൂപ നിരക്കിൽ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

- മറ്റ് വിലയുള്ള വസ്തുക്കൾ ശേഖരിച്ചതിനു ശേഷം CKCL അതത് സ്ഥാപനങ്ങൾക്ക് അവയുടെ വില നൽകുകകയും അല്ലാത്തവയ്ക്ക് സ്ഥാപനങ്ങൾ CKCL - ന് ആയവ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള വില നൽകേണ്ടതുമാണ്.

- പഴയ മരപ്പണി/ഫർണിച്ചർ സാധനങ്ങൾ CKCL സൗജന്യമായി ശേഖരിക്കുന്നതാണ്.

- മാലിന്യശേഖരണത്തിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾ ഒഴികെയുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന മറ്റുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി, ക്ലീൻ കേരള കമ്പനി **2025 ഒക്ടോബർ 15 മുതൽ നവംബർ 15 വരെ** ഒരു മാസത്തേക്ക് സംസ്ഥാനതല മാലിന്യ ശേഖരണ ഡ്രൈവ് സംഘടിപ്പിക്കുന്നതാണ്.
- മാലിന്യ ശേഖരണ ഡ്രൈവിന്റെ അവസരത്തിൽ, ഓരോ സ്ഥാപനവും അവരുടെ ക്യാമ്പസിനുള്ളിലോ പുറത്തോ സൗകര്യപ്രദമായ ഒരു ശേഖരണ കേന്ദ്രം കണ്ടെത്തി അവിടെ മാലിന്യങ്ങൾ വെവ്വേറെയായി തരം തിരിച്ച് സൂക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുക്കൾ എടുക്കുമ്പോൾ പൂൾ ചെയ്ത് കേന്ദ്രീകൃതമായ സ്ഥാനങ്ങളിൽ അവ എത്തിച്ചാൽ കമ്പനിക്ക് കൂടുതൽ ഫലപ്രദമായി മെറ്റിരിയൽസ് നീക്കം ചെയ്യുവാൻ സാധിക്കും.
- മാലിന്യ ശേഖരണ ഡ്രൈവിന്റെ ഫലപ്രദമായ നടത്തിപ്പിന്റെ ജില്ലാ തല ഏകോപനത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും ഓരോ ജില്ലയിലും ഓരോ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതാണ്. അവർ CKCL അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഓരോ സ്ഥാപനങ്ങളിലെയും മാലിന്യ മുക്ത പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഓഫീസർമാർ മേൽ സൂചിപ്പിച്ച ജില്ലാതല നോഡർ ഓഫീസർമാരുമായും CKCL

കമ്പനി പ്രതിനിധികളുമായും സഹകരിച്ച് ഫലപ്രദമായ രീതിയിൽ മാലിന്യം നീക്കം ചെയ്യേണ്ടതാണ്.

- മാലിന്യശേഖരണ ഡ്രൈവിൽ പങ്കെടുക്കുന്നതിന്, ബന്ധപ്പെട്ട സ്ഥാപനങ്ങൾ 2025 ഒക്ടോബർ 10 ന് മുൻപായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിലേക്ക് ഇ-മെയിൽ അയച്ച് അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതും തുടർന്ന്, ജില്ലാ അടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ നടത്തി, സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ CKCL വഴി മാലിന്യശേഖരണവും സംസ്കരണവും നടത്തേണ്ടതാണ്.

മാലിന്യങ്ങൾ കൈമാറുന്നത് സംബന്ധിച്ച് സ്ഥാപനങ്ങൾ ചുവടെപ്പറയുന്ന കാര്യങ്ങൾകൂടെ ശ്രദ്ധിക്കേണ്ടതാണ് :-

1. മുൻകൂർ ആയി എടുക്കേണ്ട മെറ്റീരിയലുകളുടെ വിവരങ്ങൾ സ്ഥാപനങ്ങളുടെ asset രജിസ്റ്ററിൽ നിന്ന് കുറവ് ചെയ്തശേഷം CKCL കമ്പനിയെ ഇ-മെയിൽ അയക്കേണ്ടതാണ്.

2. CKCL കമ്പനി മെറ്റിരിയലുകൾ എടുക്കുന്ന ദിവസം തന്നെ weigh bridge -ൽ അവയുടെ ഭാരം തൂക്കി നോക്കി ഏതെല്ലാം മെറ്റിരിയൽസ് ആണ് എടുത്തിട്ടുള്ളത് എന്നതിന്റെ തൂക്കവും വിലയും പരിശോധിച്ച് രസീത് വാങ്ങേണ്ടതാണ്.

3. അന്നേ ദിവസമോ തൊട്ടടുത്ത ദിവസമോ തന്നെ CKCL ശേഖരിച്ച വസ്തുക്കളുടെ വില സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്. ആയതിലേയ്ക്കായി സ്ഥാപനങ്ങൾ അതത് ദിവസം തന്നെ ഏത് അക്കൗണ്ട് ഹെഡിലേയ്ക്കാണോ തുക കൈമാറേണ്ടത് എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ രേഖാമൂലം മെയിൽ മുഖാന്തിരമോ കമ്പനിയുടെ ജില്ലാ മാനേജർ മുഖാന്തിരമോ അയക്കേണ്ടതാണ്.

4. എല്ലാ ജില്ലകളിലും CKCL -ന് ജില്ലാതല ഉദ്യോഗസ്ഥരും, ഓഫീസ് മൊബൈൽ നമ്പറും ഉണ്ട്, ഇത് ഉപയോഗിച്ച് ടി പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യേണ്ടതാണ്. ഓരോ ജില്ലയില്ലെയും CKCL ജില്ലാ ഓഫീസർമാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

രാജേഷ് എം
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

1. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (WM) വകുപ്പ്, തിരുവനന്തപുരം.
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
5. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
6. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/ കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, നുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി.

കോളനി.പി.ഒ. , കളമശ്ശേരി, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കുരിപ്പുഴ, കൊല്ലം

7. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്

8 . മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഉന്നതവിദ്യാഭ്യാസ കൌൺസിൽ, കെ.എസ്.എസ്. ടി.എം.ക്യാമ്പസ്, പി.എം.ജി, തിരുവനന്തപുരം

9. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം

10. സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം

11. പ്രവേശന പരീക്ഷാ കമ്മീഷണർ, 7ാം നില, കെ.എസ്, ആർ.റ്റി.സി ബസ് ടെർമിനൽ കോംപ്ലക്സ് തമ്പാനൂർ , തിരുവനന്തപുരം

12. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, വഴുതക്കാട്, തിരുവനന്തപുരം

13. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം

14. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് റ്റി.സി 86/1949(2), എൻ.എച്ച്.ബൈ പാസ്സ് ജംഗ്ഷൻ, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം.

15. ഡയറക്ടർ,കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം

16. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

17. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3

18. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ പി.ഓ., തിരുവനന്തപുരം.

19. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ് തെക്കുംതല, കോട്ടയം

20. ചെയർ പേഴ്സൺ/മാനേജിംഗ് ഡയറക്ടർ, അസാപ്, മൂന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം

21. റിസർച്ച് ഓഫീസർ/പ്രോജക്ട് കോ-ഓർഡിനേറ്റർ, റൂസ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ്, യൂണിവേഴ്സിറ്റി സ്റ്റേഡിയം, പി.എം.ജി, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signed by
Sobha D
Date: 26-09-2025 14:54:14

സെക്ഷൻ ഓഫീസർ

## ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ജില്ലാ ഓഫീസർമാരുടെ വിശദാംശം

| SL No | പേര് | ജില്ല | ഫോൺ | മൊബൈൽ | email id |
|---|---|---|---|---|---|
| 1 | KRISHNA SAMBATH B K | തിരുവനന്തപുരം | 0471-2724600 | 7558086688 | tvmckcl@gmail.com |
| 2 | RAJU R | കൊല്ലം | 0474-2710010 | 7558089944 | klm.cleankeralacomp... |
| 3 | SANI NAIR S | ആലപ്പുഴ | 0477-2283800 | 8714691141 | alpackcl@gmail.com |
| 4 | DILEEP KUMAR M B | പത്തനംതിട്ട | 0468-3588776 | 7558089933 | pta.ckcl@gmail.com |
| 5 | SUBIN BABY | എറണാകുളം | 0484-3156975 | 7558089955 | ekmckcl@gmail.com |
| 6 | JISHNU JAGAN | കോട്ടയം | 0481-2300190 | 7558084499 | ktmckcl@gmail.com |
| 7 | SAMBHU BHASKAR | തൃശ്ശൂർ | 0487-2994441 | 7558084477 | tsrckcl@gmail.com |
| 8 | ANOOP JOHNSON | ഇടുക്കി | 0486-2220340 | 7558081122 | idukkickcl@gmail.com |
| 9 | ADHERSH R NAIR | പാലക്കാട് | 0491-2932698 | 8086856699 | pkdckcl@gmail.com |
| 10 | VARUN SHANKAR | മലപ്പുറം | 0483-2944642 | 8714691142 | mlpmckcl@gmail.com |
| 11 | SURESH KUMAR P K | കോഴിക്കോട് | 7558086655 | 7558086655 | kkdckcl@gmail.com |
| 12 | SURESH KUMAR P K | വയനാട് | 0493-6244599 | 7558086655 | wayanadckcl@gmail.... |
| 13 | SNEHA KEEKKANAM | കണ്ണൂർ | 0497-2945570 | 7558085577 | cleankeralakannur@g... |
| 14 | MITHUN B | കാസർഗോഡ് | 0467-2082143 | 8714691143 | ksd.ckcl@gmail.com |